"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാകിരണം പദ്ധതി - 5 കോടി രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ മന്ദിരങ്ങൾക്കു ഉദ്ഘാടനചടങ്ങിന്റെ ചെലവിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.287/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:- 1. പ്രോഗ്രാം സംഘാടക സമിതി ചെയർമാന്റെ 07/02/2022 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സർക്കാർ വിദ്യാകിരണം മിഷൻ പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ നാല് ബഹുനില മന്ദിരങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ 53 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം 10/02/2022-ന് നടക്കുകയാണ്. അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്ന പ്രസ്തുത സംസ്ഥാനതല ഉദ്ഘാടനചടങ്ങിന്റെ നടത്തിപ്പിനായി ഒരു സംഘാടക സമിതിക്ക് രൂപം നൽകിയിട്ടുണ്ട് എന്നും സംസ്ഥാനതല പ്രോഗ്രാമായതിനാലും, ബഹു. കേരള മുഖ്യമന്ത്രിയുൾപ്പെടെ വിവിധ മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങായതിനാലും ഇതിന്റെ ക്രമീകരണങ്ങൾക്കായി വളരെ വലിയൊരു ചെലവാണ് വേണ്ടി വരുന്നത് എന്നും സ്റ്റേജ്, പന്തൽ, ഇരിപ്പിട സൗകര്യം, സൗണ്ട് സിസ്റ്റം, പരസ്യം തുടങ്ങിയവയുൾപ്പെടെ 5 ലക്ഷത്തോളം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. പ്രാദേശികമായി സ്പോൺസർമാരെ കണ്ടെത്തുന്നതിനുള്ള പരിശ്രമങ്ങൾ സംഘാടക സമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ടെങ്കിലും ഇത്രയും വലിയൊരു തുക കണ്ടെത്തുന്നതിന് കഴിയാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന ലഭിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ചെലവനുവാദം അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും സംഘാടകസമിതി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സർക്കാർ വിദ്യാകിരണം മിഷൻ പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ നാല് ബഹുനില മന്ദിരങ്ങളുൾപ്പെടെ 10/02/2022-ന് നടക്കുന്ന സംസ്ഥാനത്തെ 53 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടന ചടങ്ങിന്റെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ചുവടെ പറയും പ്രകാരം ചെലവനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | സ്ഥാപനം | തുക |
|---|---|---|
| 1 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 1,00,000 രൂപ |
| 2 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | 75,000 രൂപ |
| 3 | പൂവച്ചൽഗ്രാമപഞ്ചായത്ത് (ആതിഥേയ ഗ്രാമപഞ്ചായത്ത്) | 75,000 രൂപ |
| 4 | ആര്യനാട് ഗ്രാമ പഞ്ചായത്ത് | 25,000 രൂപ |
| 5 | ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് | 25,000 രൂപ |
| 6 | വെള്ളനാട് ഗ്രാമപഞ്ചായത്ത് | 25,000 രൂപ |
| 7 | തൊളിക്കോട് ഗ്രാമപഞ്ചായത്ത് | 25,000 രൂപ |
| 8 | അരുവിക്കര ഗ്രാമപഞ്ചായത്ത് | 25,000 രൂപ |
| 9 | കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് | 25,000 രൂപ |
| 10 | വിതുര ഗ്രാമപഞ്ചായത്ത് | 25,000 രൂപ |
| 11 | കാട്ടാക്കട ഗ്രാമപഞ്ചായത്ത് | 25,000 രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി /പ്രസിഡന്റ്, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ
ചെയർമാൻ, പ്രോഗ്രാം സംഘാടക സമിതി
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ.ഉ.(സാധാ) നം.287 2022/LSGD

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു മുഖ്യ മന്ത്രിയുടെ പി. എസ്സിന്
ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്സിന്